II. അടിയന്തിരപ്രമേയം

തിരുവനന്തപുരം മണക്കാട് ബലവാൻനഗറിൽ ഷംസുദ്ദീന്റെ കൊലപാതകം

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, എ. എ. അസീസ്, കെ. പി. രാജേന്ദ്രൻ, പി. സി ജോർജ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, കെ. പി. മോഹനൻ, ഡോക്ടർ. കെ. സി. ജോസഫ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ഇന്നലെ രാത്രി തിരുവനന്തപുരം നഗരത്തിലെ മണക്കാട് ബലവാൻനഗറിൽ സ്വർണ്ണത്തൊഴിലാളികൾ താമസിക്കുന്ന വാടക വീട്ടിൽ പാചകക്കാരനായ 55 വയസ്സുള്ള ഷംസുദ്ദീനെ കൈകാലുകൾ കെട്ടിയിട്ടും വായിലും മൂക്കിലും പ്ലാസ്റ്റർ ഒട്ടിച്ചും ശ്വാസം മുട്ടിച്ച് കൊന്നശേഷം വീട് കവർച്ച ചെയ്തിരിക്കുന്നു. അതിദാരുണമായ ഈ സംഭവത്തെ തുടർന്നും കൊലപാതകം, കവർച്ച, മോഷണം, പോലീസിന്റെ നിസ്സംഗത എന്നിവമൂലവും തിരുവനന്തപുരം നഗരത്തിലെ ജനങ്ങളാകെ അരക്ഷിതാവസ്ഥയിലും പരിഭ്രാന്തിയിലുമായിരിക്കുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ചാണ് ഈ അടിയന്തിരപ്രമേയം. 9.30 a. m.]

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): .....(ബഹളം).....ഞാൻ സംസാരിക്കണ്ട എന്നുണ്ടെങ്കിൽ സംസാരിക്കുന്നില്ല. നിങ്ങൾ കുറേ ആളുകൾ ചേർന്ന് സഭ കയ്യടക്കുന്ന ഏർപ്പാട് നല്ലതല്ല. അത് ശരിയല്ലല്ലോ.....(ബഹളം)..... ഒരു സ്ഥിരം പരിപാടിയായതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഞാൻ പൊതുഭരണത്തെക്കുറിച്ചും ആഭ്യന്തര വകുപ്പിനെക്കുറിച്ചുമുള്ള ചർച്ചകൾക്ക് മറുപടി പറഞ്ഞപ്പോഴും എന്നെ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു. പ്രതിപക്ഷനേതാവടക്കമുള്ള എല്ലാവരും സ്വസ്ഥമായി സംസാരിക്കുകയും ഞങ്ങളെ സംസാരിക്കാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് മര്യാദയല്ല. ഇത് ആവർത്തിക്കുന്നതുകൊണ്ടാണ് പറയുന്നത്.

തിരുവനന്തപുരം മണക്കാട് ബലവാൻനഗറിൽ ആര്യശാല സ്റ്റാർ ടൂൾസ് എന്ന സ്ഥാപനം നടത്തുന്ന സെയ്ദ് ഇബ്രാഹിം വാടകയ്ക്ക് താമസിക്കുന്ന വീട്ടിലെ പാചകക്കാരനായ 55 വയസ്സുള്ള ഷംസുദ്ദീനെ 5-7-2004-നു പകൽ ആരോ കൊലപ്പെടുത്തി. കൂടാതെ ആ വീട്ടിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന ഉദ്ദേശം 5 കിലോ തൂക്കം വരുന്നതും ഒരു ലക്ഷം രൂപ വില വരുന്നതുമായ അമേരിക്കൻ ഡയമണ്ടുകൾ മോഷ്ടിച്ചിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ ഇൻഡ്യൻ ശിക്ഷാനിയമം 396-ാം വകുപ്പ് പ്രകാരം ക്രൈം 372/2004 നമ്പറായി ഫോർട്ട് പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തു. തിരുവനന്തപുരം റെയ്ഞ്ച് ഡി.ഐ.ജി ഉൾപ്പെടെയുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാർ സംഭവസ്ഥലത്തെത്തി സ്ഥിതിഗതികൾ വിലയിരുത്തി. വിരലടയാള വിദഗ്ദ്ധരെ വരുത്തി തെളിവുകൾ ശേഖരിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

പോലീസ് നായയുടെ സേവനം ലഭ്യമാക്കിയിട്ടുള്ളതുമാണ്. കൂടാതെ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനായി ഫോറൻസിക് വിദഗ്ദ്ധരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സംഭവശേഷം ഒളിവിൽപ്പോയ പ്രതികളെ എത്രയും വേഗം പിടികൂടുന്നതിലേയ്ക്ക് ഒരു പ്രത്യേക പോലീസ് ടീമിനെ നിയോഗിച്ച് ഊർജ്ജിതമായ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. നിരവധി പേരെ ചോദ്യം ചെയ്തു അന്വേഷണം പുരോഗമിച്ചുവരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തിരുവനന്തപുരം നഗരത്തിൽ ഒരു പ്രത്യേക സ്ഥിതിയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. ഇന്ന് പുറത്തിറങ്ങിയ മലയാള മനോരമ, മാതൃഭൂമി, കേരള കൗമുദി, ദേശാഭിമാനി തുടങ്ങിയുള്ള മുഴുവൻ പത്രങ്ങളും ഇതൊരു പ്രധാന വാർത്തയായി തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇന്നലെ രാവിലെയാണ് ഈ സംഭവം നടന്നത്. മണക്കാട് ബലവാൻനഗറിലെ ഒരു സ്വർണ്ണത്തൊഴിലാളി താമസിക്കുന്ന വാടക വീട്ടിലെ പാചകക്കാരനായ ഷംസുദ്ദീനാണ് ഇങ്ങനെ കൊല ചെയ്യപ്പെട്ടത്. ഭീകരമായ ഒരു കൊലപാതകമാണ്. കൈകാലുകൾ കെട്ടിയിട്ട് വായിലും മൂക്കിലും പ്ലാസ്റ്റർ ഒട്ടിച്ച് ശ്വാസം മുട്ടിച്ചാണ് ഷംസുദ്ദീനെ കൊന്നത്. പിന്നീട് ആളുകൾ കാണുമ്പോൾ മുഖത്ത് തുണി ചുറ്റപ്പെട്ട നിലയിലാണ് കാണപ്പെട്ടത്. ഈ സംഭവം നടന്നത് അർദ്ധരാത്രി സമയത്തല്ല രാത്രി 7 മണിക്കും 8 മണിക്കും ഇടയിൽ കൊലപാതകം നടന്നതായിട്ടാണ് കാണുന്നത്. പോലീസിന്റെ നിഷ്ക്രിയത്വമാണ് ഈ കൊലപാതകത്തിന്റെ പിന്നിൽ. ഈ പ്രദേശം സദാസമയം ആൾ സഞ്ചാരമുള്ള പ്രദേശമാണ്. മാത്രമല്ല, അതിന്റെ സമീപപ്രദേശത്ത് രണ്ട് പോലീസ് സ്റ്റേഷനുകളുമുണ്ട്. ആ രണ്ട് പോലീസ് സ്റ്റേഷനുകളുടെ നടുക്കാണ് 7 മണിക്കും 8 മണിക്കുമിടയിൽ ഇങ്ങനെ ഒരു സംഭവം നടക്കുന്നത്. നമ്മുടെ തിരുവനന്തപുരം നഗരം ഇപ്പോൾ കുറ്റവാളികളുടെ പിടിയിലായിരിക്കുകയാണ്. പട്ടാപ്പകൽ പോലും കൊലപാതകങ്ങളും മോഷണവും നടക്കുന്ന ഒരു പട്ടണമായിട്ട് തിരുവനന്തപുരം ഇപ്പോൾ മാറിയിരിക്കുകയാണ്. ഇവിടെയുള്ള ആളുകളിൽ പലരും ജോലിക്ക് പോകുന്നവരാണ്, ചിലർ വ്യാപാരങ്ങൾക്കായി പോകും. വീട്ടിൽ വീട്ടുകാരനും ഏതെങ്കിലും പാചകക്കാരനോ തൊഴിലാളിയോ ആവും ഉണ്ടാവുക. എങ്ങനെ വിശ്വസിച്ച് വീട് വിട്ട് പോകും, ഇന്ന് തിരുവനന്തപുരം പട്ടണത്തിലെ ഏതെങ്കിലും ഒരു വീട് സുരക്ഷിത മാണോ? ഇവിടുത്തെ സർക്കാർ ഓഫീസ് സുരക്ഷിതമല്ല. ഒരാഴ്ച മുൻപാണ് എൽ.ഐ.സി ഓഫീസിനകത്ത് കയറി ഏഴര ലക്ഷം രൂപ എടുത്തുകൊണ്ടുപോയത്. പകൽ സമയത്താണ് ഈ സംഭവം നടന്നത്. പോലീസിന് ഇതുവരെയായിട്ടും, ഒരാഴ്ച കഴിഞ്ഞിട്ടും ആ കേസിൽ ഒരു തുമ്പുണ്ടാക്കാൻ സാധിച്ചിട്ടില്ല. എൽ.ഐ.സി ഓഫീസിൽ നിന്ന് പെട്ടിയുമായി തിരക്കേറിയ ടൗണിൽ കൂടി ഈ കവർച്ചാസംഘം നടന്നുപോയി. രണ്ട് കിലോമീറ്റർ ദൂരത്ത് പെട്ടി ഉപേക്ഷിക്കപ്പെട്ട നിലയിൽ കൊണ്ടിടുകയും ചെയ്തു. പോലീസ് ജാഗ്രത പാലിച്ചിരുന്നുവെങ്കിൽ അവരെ പിടികൂടാൻ കഴിയുമായിരുന്നില്ലേ? നഗരമധ്യത്തിൽ നടക്കുന്ന ഈ സംഭവം എന്തുകൊണ്ട് പിടിക്കാൻ സാധിക്കുന്നില്ല? ഇതിന്റെ ഭീതി അടങ്ങുന്നതിന് മുൻപാണ് ഇന്നലെ മണക്കാട് എം.എൽ.എ റോഡിലെ വീട്ടിൽ ഈ സംഭവം നടന്നത്. ഇപ്പോൾ പറയുന്നത് തുടർച്ചയായിട്ട് കുറേ ദിവസങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly

അവിടത്തെ വീടുകളിൽ മോഷണം നടക്കുകയാണ് എന്നാണ്. ബലവാൻനഗർ പ്രദേശത്ത് മുപ്പതോളം വീടുകളിൽ കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ കവർച്ച നടന്നതായിട്ടാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. കാർസ്റ്റീരിയോകൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയ സാധനങ്ങൾ വരെ കൊള്ള ചെയ്യപ്പെടുകയാണ്. നമ്മുടെ സംസ്ഥാനത്ത് ഇന്ന് മോഷണം പെരുകിയിരിക്കുകയാണ്. 28,365 മോഷണ കേസുകൾ ഉണ്ടായിയെന്ന് മുഖ്യമന്ത്രി തന്നെ നിയമസഭയിൽ നൽകിയ ഉത്തരത്തിൽ വ്യക്തമാക്കിയിരിക്കുകയാണ്. തിരുവനന്തപുരത്ത് മാത്രം 637 കൊള്ളകളാണ് ഒറ്റക്കൊല്ലം കൊണ്ട് നടന്നിരിക്കുന്നത്. തിരുവനന്തപുരം നമ്മുടെ കേരളത്തിൽ തന്നെയാണോ എന്ന് ചോദിച്ചുപോയത് അതുകൊണ്ടാണ്. നമ്മുടെ തലസ്ഥാന നഗരിയിലാണ് ഇത് സംഭവിച്ചിരിക്കുന്നത്. 20 മന്ത്രിമാർ അന്തിയുറങ്ങുന്ന ഒരു നഗരത്തിലാണ് ഇത് സംഭവിച്ചത്. ഇവിടെ മന്ത്രിമാരുടെ വീടുകളിൽ പോലും സുരക്ഷിതത്വമുണ്ടോ? മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽപ്പെട്ട, ശ്രീ. ചെർക്കളം അബ്ദുള്ളയുടെ പി. എ.യുടെ വീട്ടിൽ കയറി സ്വർണ്ണം കവർച്ച ചെയ്തില്ലേ? ശ്രീമതി ഗൗരിയമ്മയുടെ പേഴ്സണൽ സ്റ്റാഫിന്റെ വീട്ടിൽ കയറി കുറച്ച് പൈസയേ കിട്ടിയുള്ളൂ. അവിടെയും കവർച്ച നടന്നില്ലേ? മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാരുടെ വീടുകൾ പോലും സുരക്ഷിതമല്ലാത്ത ഒരു നഗരമായിട്ട് ഈ തിരുവനന്തപുരം മാറിയില്ലേ? എന്തുകൊണ്ട് പോലീസിന് ഇത് പിടികൂടാൻ സാധിക്കുന്നില്ല? മുഖ്യമന്ത്രിക്കാണെങ്കിൽ ഇത് കേട്ടുകേട്ട് മടുത്തു. മുൻപൊക്കെ ഒരു കൊലപാതകം നടന്നുവെന്ന് പറഞ്ഞാൽ മുഖ്യമന്ത്രിക്ക് ഗൗരവം കാണുമായിരുന്നു. മുഖ്യമന്ത്രിയും മടുത്തു. ഇതൊന്നും നേരെയാകില്ല എന്ന് അദ്ദേഹത്തിന് തന്നെ തോന്നി എന്നാണ് എനിക്ക് തോന്നുന്നത്. ഈ നിസ്സഹായാവസ്ഥ കൊണ്ട് കുറ്റകൃത്യങ്ങൾ പെരുകുകയും അക്രമിസംഘം അത് മുതലെടുക്കുകയും മാഫിയ സംഘം വിഹരിക്കുന്ന സംസ്ഥാനമായി കേരളം മാറുകയും ചെയ്തു. അവരുടെ ആസ്ഥാനമായി തിരുവനന്തപുരം മാറി. കവർച്ചകൾ നടത്തുന്ന പ്രൊഫഷണൽ സംഘം ഇന്ന് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. അതാണ് തുടർച്ചയായിട്ട് ഈ സംഭവം നടക്കുന്നത്. പോലീസിനകത്തുള്ള ഒരു വിഭാഗത്തിന് ഇതിൽ പങ്കുണ്ട്. അതുകൊണ്ടാണ് ഈ കുറ്റകൃത്യങ്ങൾ തെളിയിക്കാൻ സാധിക്കാത്തത്. ഇതിൽ ദയനീയമായി നമ്മുടെ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു; ആഭ്യന്തര വകുപ്പ് പരാജയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് മനുഷ്യർക്ക് സൈര്യമായി കിടന്നുറങ്ങാനുള്ള ഒരു സാഹചര്യം സൃഷ്ടിക്കത്തക്ക വിധത്തിൽ പോലീസിനെ ജാഗ്രതപ്പെടുത്തികൊണ്ട് ഇനി ഇത്തരമൊരു സംഭവം ഈ നഗരത്തിൽ ആവർത്തിക്കാതിരിക്കാൻ പോലീസിനെ സജ്ജമാക്കുന്നതിനു വേണ്ടി ആഭ്യന്തര വകുപ്പ് ഇടപെടണം. ഗൗരവതരമായ ഈ സ്ഥിതിവിശേഷം സംബന്ധിച്ച്, തിരുവനന്തപുരം നഗരത്തിലെ ജനങ്ങൾക്ക് കിടന്നുറങ്ങാൻ സാധിക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കുന്നതിന് വേണ്ടി ഈ പ്രശ്നം ഇന്ന് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് ഉൾക്കൊള്ളുന്നു. നഗരത്തിലായാലും ഗ്രാമങ്ങളിലായാലും ജനങ്ങൾക്ക് സ്വസ്ഥമായി അന്തിയുറങ്ങുവാനുള്ള സാഹചര്യവും അവരുടെ ജീവനും സ്വത്തിനും സംരക്ഷണവും ഉണ്ടാകേണ്ടതാണ്. ഒറ്റപ്പെട്ട നിലയിൽ ഉണ്ടാകുന്ന അക്രമങ്ങൾ പോലും നിസ്സാരമായി തള്ളിക്കളയാവുന്നതല്ല. ഇന്നലെ തിരുവനന്തപുരത്തുണ്ടായ സംഭവത്തിൽ ഒരു ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായത് എന്നുള്ളതുകൊണ്ട് പ്രശ്നത്തിന്റെ ഗൗരവം കുറയുന്നില്ല. അതുപോലെ തന്നെ ഒരു കൊലപാതകവും അവിടെ ഉണ്ടായിട്ടുണ്ട്. ഗവൺമെന്റ് ആ പ്രശ്നം വളരെ ഗൗരവമായിത്തന്നെ കൈകാര്യം ചെയ്യുകയാണ്. തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി.യും സിറ്റി കമ്മീഷണർ അടക്കമുള്ള ഉദ്യോഗസ്ഥന്മാരും ഈ കേസ് അന്വേഷണം ഊർജ്ജിതമായി നടത്തി വരുകയാണ്. എത്രയും വേഗം ഈ കേസിലെ കൊലപാതകികളെ കണ്ടെത്താൻ മാത്രമല്ല, അടുത്ത കാലത്തായി നമ്മുടെ തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ, അന്തർ സംസ്ഥാന കുറ്റവാളികളുടെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ ശ്രമിക്കുന്നതായിട്ടുള്ള വാർത്തകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളം കൂടുതൽ ജാഗ്രത പുലർത്തുവാൻ എല്ലാ പ്രദേശത്തും പോലീസിന് നിർദ്ദേശം നല്കിയിട്ടുണ്ട്. മോഷണം, മറ്റ് അക്രമ പ്രവർത്തനങ്ങൾ, കൊലപാതകങ്ങൾ തുടങ്ങിയവ ആവർത്തിക്കാതിരിക്കുവാൻവേണ്ടി ശക്തമായ നടപടികൾ കൈക്കൊള്ളും. പോലീസ് പട്രോളിംഗ് രാത്രി കാലങ്ങളിൽ ശക്തിപ്പെടുത്തും. പകൽ സമയത്തും പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജാഗ്രതയാക്കുവാൻ ഗവൺമെന്റിന് ആകുന്ന എല്ലാ ശ്രമങ്ങളും ചെയ്യും. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നം ഗവൺമെന്റ് ലാഘവത്തോടുകൂടി കാണുന്നില്ല. ഗൗരവമായിത്തന്നെ കാണുന്നുണ്ട്. എല്ലാ ഗൗരവത്തോടുംകൂടി തന്നെ, ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. ആ സാഹചര്യത്തിൽ ഈ സംഭവത്തിന്റെ പേരിൽ സഭ നിർത്തിവച്ച് ചർച്ച നടത്തേണ്ട ആവശ്യമില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അടിയന്തിര പ്രമേയത്തിനുള്ള മറുപടിയുടെ വെളിച്ചത്തിൽ സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന അതീവ ഗുരുതരമായ സ്ഥിതി വിശേഷം നിലവിലില്ലെന്ന് കാണുന്നതിനാൽ അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു)

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ സ്ഥിതി ഗുരുതരമല്ല എന്നുള്ള നിലയിലുള്ള ഒരു സൂചന നല്കുന്നത് ശരിയല്ല. അദ്ദേഹം ഇപ്പോൾ വീണ്ടും ഉറപ്പു നല്കിയിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഒന്നുകൂടി പരിശോധിക്കാവുന്നതാണ്. പക്ഷേ ഈ പ്രശ്നങ്ങൾ വരുമ്പോഴെല്ലാംതന്നെ ഇതേ പോലുള്ള അസഹിഷ്ണുത പ്രകടിപ്പിക്കുക, ഇതു പോലുള്ള ഗുരുതരമായ സ്ഥിതി വരുന്ന അവസരങ്ങളിൽ മെമ്പർമാർ ലേശമൊന്ന് ഉത്കണ്ഠപ്പെട്ടു സംസാരിച്ചു കഴിഞ്ഞാൽ അദ്ദേഹത്തിന്റെ സമനില തെറ്റുകയാണ്. എന്നിട്ട് അദ്ദേഹം പറയുകയാണ് അദ്ദേഹം സംസാരിക്കുവാൻ എഴുന്നേല്ക്കുമ്പോഴെല്ലാം തന്നെ ഈ രീതിയിൽ കാണിച്ചുകൊണ്ടിരിക്കുന്നു എന്ന് അദ്ദേഹം ആഭ്യന്തര വകുപ്പിന്റെ ചുമതല

LIBRARY ARCHIVES Kerala Legislative Assembly

കാരനായതുകൊണ്ട് ഇതുപോലുള്ള പ്രശ്നങ്ങൾ വരുന്ന അവസരത്തിൽ ഉത്തരവാദപ്പെട്ട ഒരു മാന്യദേഹം എന്നുള്ള നിലയിൽ അദ്ദേഹം എഴുന്നേല്ക്കുമ്പോൾ ഇതിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ മെമ്പർമാർ സൂചിപ്പിക്കുക സ്വാഭാവികമാണ്. അസഹിഷ്ണുത കാണിച്ചിട്ട് കാര്യമില്ല. ഏതായാലും ഇതു സംബന്ധിച്ച് വളരെ വളരെ ഗൗരവതരമായ ഒരു സ്ഥിതിയാണ്. പട്ടണത്തിൽ ഇന്ന് കിടന്നുറങ്ങുവാൻ നിർവ്വാഹമില്ലാത്ത സ്ഥിതി. പട്ടണത്തിൽ മാതമല്ല, സംസ്ഥാനത്തിന്റെ ആകെയുള്ള സ്ഥിതി ഗൗരവതരം തന്നെയാണ്. ഇതു സംബന്ധിച്ച് മുഖ്യമന്ത്രി എന്നുള്ള നിലയിൽ അങ്ങു പറയുന്ന മറുപടി തൃപ്തികരമല്ല. കാരണം പോലീസിന്റെ ഉള്ളിൽത്തന്നെ ഇതുപോലുള്ള ക്രിമിനൽസിനെ രക്ഷിക്കുന്നതിനുള്ള സമീപനങ്ങൾ ഇല്ലേ എന്ന് സംശയമുണ്ട്. ഇതു സംബന്ധിച്ചുകൂടി അങ്ങ് ഗൗരവതരമായിട്ട് പരിശോധിക്കണം. ആ നിലയിൽ ഒരു പരാമർശം നടത്തിയതായിട്ട് കണ്ടില്ല, അതുകൊണ്ടാണ് ഇതിന്റെ ഗൗരവം ഡീപ്പ് ആയിട്ട് മനസ്സിലാക്കിയിട്ടുണ്ടോ ഇല്ലയോ എന്നുള്ള സംശയം തോന്നുന്നത്. ഏതായാലും ഇപ്പോൾ പറഞ്ഞിരിക്കുന്ന ഉത്തരംകൂടി പരിശോധിക്കുവാൻ ഞങ്ങൾ തയ്യാറാണ്.

III. ശ്രദ്ധക്ഷണിക്കൽ

(1) 1999-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) നിയമം ഹൈക്കോടതി റദ്ദാക്കിയതുമൂലം കാരായ്മ കുടിയാന്മാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. വി. കെ. സി. മമ്മത് കോയ : കാരായ്മ കുടിയാൻ സമ്പ്രദായം കോഴിക്കോട് കോർപ്പറേഷനിലും പരിസര പ്രദേശങ്ങളിലും മലപ്പുറം ജില്ലയിലും പൊന്നാനിയിലും മാത്രമുള്ളതാണ്. വീടുവച്ച് താമസിക്കുന്നതിനുള്ള തറ വിസ്തീർണ്ണം മാത്രം കാരായ്മയെ കച്ചീട്ട് പ്രകാരം ജന്മിമാർ കുടിയാന് നൽകും. കുടിയാന്മാർ അതിൽ വീടുകെട്ടി ഉണ്ടാക്കുകയും അതിനോടനുബന്ധിച്ചുള്ള കക്കൂസ്, കുളിമുറി, മുറ്റം, കിണർ, കന്നുകാലി തൊഴുത്ത് മുതലായവ ജന്മിയുടെ സമ്മതപ്രകാരം തന്നെ അവർ കൈവശംവെച്ച് ഉപയോഗിച്ചു വരുന്നതുമാണ്. ഈ സമ്പ്രദായത്തിന് നൂറു വർഷത്തിലധികം പഴക്കമുണ്ട്. 1970-ൽ കാർഷിക പരിഷ്കരണ നിയമം നടപ്പിലാക്കുന്ന സന്ദർഭത്തിൽ കാരായ്മ-കുടിക്കിടപ്പ് അവകാശം നേടിയെടുക്കുവാൻ ശ്രമം നടത്തിയപ്പോൾ കാരായ്മ കുടിയാന്റെ കാര്യം പ്രത്യേകം പറയാത്തതു കാരണം കാരായ്മ കൈച്ചീട്ട് പ്രകാരമുള്ള തറ വിസ്തീർണ്ണം മാത്രമാണ് അവർക്ക് പട്ടയം നല്കിയത്. വീട്ടിൽനിന്ന് പുറത്തിറങ്ങുവാൻ കാൽ വയ്ക്കാനുള്ള മുറ്റവും അവർ ഉപയോഗിക്കുന്ന കക്കൂസ്, കുളിമുറി, കന്നുകാലി തൊഴുത്ത്, കിണർ, അടുക്കള തോട്ടം മുതലായവയ്ക്കും പട്ടയം ലഭിക്കുവാൻ നിർവ്വാഹമില്ലാതെയായി. ഗവൺമെന്റ് ഈ കാര്യം മനസ്സിലാക്കി പരിഹരിക്കുവാൻ വേണ്ടി 1989-ൽ നിയമം ഭേദഗതി ചെയ്തു. ബില്ല് പാസ്സാക്കി. പ്രസ്തുത ബില്ലിൽ മുൻകാല പ്രാബല്യം നിർവചിച്ചിട്ടില്ലാത്തതു കൊണ്ട് പ്രശ്നങ്ങൾ സൃഷ്ടിച്ചു. വീണ്ടും 1999-ൽ റവന്യൂ മന്ത്രിയായിരുന്ന ശ്രീ. കെ. ഇ. ഇസ്മായീൽ

LIBRARY ARCHIVES Kerala Legislative Assembly